പരിഭ്രാന്തിയിൽ കഴിയുകയാണ്. ചില പത്രവാർത്തകളും കൂടുതൽ സംശയങ്ങളും പൊതുജനങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തിരവും കർശനവുമായ അന്വേഷണം നടത്തി ജനങ്ങളുടെ സംശയം ദൂരീകരിക്കാൻ ഉള്ള നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കൊല്ലത്തും തിരുവനന്തപുരത്തുമുള്ള വിദ്യാർത്ഥികളെ ഈയിടെ ആരോഗ്യ പരിശോധനക്ക് വിധേയരാക്കി. അതിൽ കൊല്ലത്തുള്ള മൂന്ന് വിദ്യാർത്ഥികളെ; അവർ നെയ്റോബിക്കാരാണ്, വിദേശീയരാണ്. അവരിൽ ഇതുസംബന്ധിച്ച ബീജമുണ്ടെന്ന് കണ്ടെത്തിയിരിക്കുകയാണ്. പക്ഷേ, അത് അവരുടെ ആരോഗ്യത്തെയൊന്നും ബാധിച്ചുകാണുകയില്ല. അവരിൽ ഇത് ഉൾക്കൊള്ളുന്നതായ ബീജം ഉണ്ടെന്ന് കണ്ടതുകൊണ്ട് അടിയന്തിരമായി നടപടി സ്വീകരിച്ച് എംബസിയെ വിവരം അറിയിച്ച് അവരെ ഇവിടെനിന്ന് അങ്ങോട്ട് അയച്ചിട്ടുണ്ട്. പക്ഷേ, കൊല്ലത്ത് മൂന്ന് വിദ്യാർത്ഥികളെ കുറച്ചുകാലമായി പഠിച്ചുവരുന്നതുകൊണ്ട്, എൻജിനീയറിംഗ് കോളേജിൽ പഠിക്കുന്ന അവർ അവിടെയുള്ള ആരെങ്കിലുമായി ബന്ധപ്പെട്ടിട്ടുണ്ടോ എന്നുള്ള ഉത്കണ്ഠ ഉള്ളതുകൊണ്ട് അതുസംബന്ധിച്ച് വ്യാപകമായ അന്വേഷണം നടത്തുന്നുണ്ട്. അവർക്ക് പ്രിവന്റീവ് മെഷേഴ്സ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻവേണ്ടി ഒരു വാർഫ്യൂട്ടിംഗ് എന്നുള്ള നിലയിൽതന്നെ ഈ കാര്യത്തിൽ ജാഗ്രതയോടുകൂടി പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇന്ന് അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(4) മൂവാറ്റുപുഴ ഗവൺമെന്റാശുപത്രി

ശ്രീ. വി. വി. ജോസഫ്: സർ, മൂവാറ്റുപുഴ ഗവൺമെന്റ് ആശുപത്രിയിൽ ആവശ്യത്തിനുള്ള സ്ഥലസൗകര്യങ്ങളില്ലാതെ രോഗികൾ വീർപ്പുമുട്ടുകയാണ്. വാർഡുകളിൽ ഗർഭിണികൾ വരാന്തയിലും നിലത്തും പ്രസവിച്ചുകിടക്കുന്ന ഒരവസ്ഥ ഇവിടെയുണ്ട്. അതുപോലെതന്നെ പഴയ എക്സ്റേ ഉപകരണങ്ങളാണ് അവിടെയുള്ളത്. ഇടുക്കിയുടെ കവാടമെന്നു പറയുന്ന മൂവാറ്റുപുഴയിൽ ഉള്ള ഈ ആശുപത്രി ഒരു ജില്ലാ ആശുപത്രിയുടെ സ്റ്റാറ്റസിലുള്ളതും, അതുപോലെതന്നെ രോഗികളുടെ തിക്കും തിരക്കുമുള്ളതുമാണ്. പക്ഷേ വളരെ വർഷങ്ങൾക്കുമുമ്പ് പണിചെയ്ത ഒരു കെട്ടിടം മാത്രമേ അവിടെയുള്ളൂ. പുതുതായി ഒരു കെട്ടിടവും പണിചെയ്തിട്ടില്ല. 100 ബെഡ്ഡുകളുള്ള ഒരു വാർഡ് പണിയുന്നതിനുള്ള ഒരു പ്രപ്പോസൽ ബഡ്ജറ്റിൽ ഉണ്ട്. അതുകൊണ്ട് മൂവാറ്റുപുഴ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഒരു കെട്ടിടം പണിയുവാനും, എത്രയുംവേഗം പുതിയ വാർഡുകൾ പണിയുവാനും ഉള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 100 കിടക്കകളുള്ള ഒരാശുപത്രി പണിയുന്നതിന് 22.27 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ പണി പൂർത്തിയാകുന്നതോടുകൂടി എക്സ്റേ ഉൾപ്പെടെയുള്ള മാറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്. അതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly